# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.108 — 04.12.2014 ൽ മറുപടിയ്ക്ക്

### സപ്ലൈകോ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളുടെ വില വർദ്ധന

**ചോദ്യം**

ശ്രീ. ബാബു എം. പാലിശ്ശേരി
ശ്രീ. പി.കെ. ഗുരുദാസൻ
ശ്രീ. പി.റ്റി.എ. റഹീം

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

(എ) സപ്ലൈകോ പൊതുവിതരണ ശൃംഖല വഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ വില വർദ്ധിപ്പിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പൊതു മാർക്കറ്റിൽ രൂക്ഷമായ വിലക്കയറ്റം അനുഭവപ്പെടുന്ന സാഹചര്യത്തിൽ സപ്ലൈകോ ഉല്പന്നങ്ങൾക്ക് വില വർദ്ധിപ്പിച്ചത് എത്രത്തോളം ഉചിതമായ നടപടിയാണ് ; ഇത്തരത്തിൽ വില വർദ്ധിപ്പിക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ ;

(എ) യും (ബി) യും സപ്ലൈകോ പൊതുവിതരണ ശൃംഖല വഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന 13 ഇനം അവശ്യവസ്തുക്കളുടെ വിൽപ്പന വില ഈ സാമ്പത്തിക വർഷം പുനർ നിർണ്ണയിച്ചിട്ടുണ്ട്. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ അന്യ സംസ്ഥാനങ്ങളിൽ ഉണ്ടാകുന്ന അവശ്യ വസ്തുക്കളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥ വ്യതിയാനം, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ വിലവർദ്ധനവ് ഉണ്ടായിട്ടുണ്ട്. അതുപോലെ സപ്ലൈകോയുടെ വാങ്ങൽ വില, കടത്തുകൂലി, കയറ്റിയിറക്ക് കൂലി, അഡ്മിനിസ്ട്രേറ്റീവ് ഉൾപ്പെടെയുള്ള മറ്റു ചിലവുകൾ എന്നിവ മാസം തോറും കൂടികൊണ്ടിരിക്കുകയും, വിൽപ്പന വില കൂട്ടാതിരിക്കുകയും ചെയ്തതു മൂലം സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതു മൂലമുള്ള നഷ്ടം വളരെയധികം വർദ്ധിക്കുകയും അത് സപ്ലൈകോയുടെ മാർക്കറ്റ് ഇടപെടൽ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രതിദിന പ്രവർത്തനങ്ങളെ ബാധിക്കുന്ന രീതിയിൽ വളരുകയും ചെയ്തതുകൊണ്ടാണ് സർക്കാർ സബ്സിഡി സാധനങ്ങളുടെ വിൽപ്പന വില പുനർ നിർണ്ണയിച്ചത്.

എന്നിരുന്നാലും, സപ്ലൈകോയുടെ സബ്സിഡി വില പൊതു വിപണി വിലയേക്കാളും ശരാശരി 20% മുതൽ 35% വരെ കുറവാണ്. സബ്സിഡി അൽപ്പം കുറച്ച് തടസ്സമില്ലാതെ സാധനങ്ങൾ വിതരണം ചെയ്യുന്നതു മൂലം അവശ്യ സാധനങ്ങളുടെ ലഭ്യത കമ്പോളത്തിൽ ഉറപ്പാക്കുന്നതിനും അവയുടെ പൊതു വിപണിയിലെ അനിയന്ത്രിതമായ വില വർദ്ധനവ് നിയന്ത്രിക്കുന്നതിനും സാധിച്ചിട്ടുണ്ട്. സബ്സിഡി നിരക്കിൽ വിതരണം

ചെയ്യുന്ന സാധനങ്ങളുടെ വില പുനർ നിർണ്ണയിച്ചതോടൊപ്പം ഇവയുടെ ലഭ്യതയും ഉറപ്പാക്കുന്നത് യുക്തിസഹമായ സമീപനത്തോടെയുള്ള വിപണി ഇടപെടൽ നയത്തിന്റെ ഭാഗമാണ്.

(സി) ഏതെല്ലാം ഇനങ്ങൾക്ക് എത്ര ശതമാനമാണ് നിരക്ക് വർദ്ധനയെന്ന് വെളിപ്പെടുത്താമോ ; വിലവർദ്ധനവിന് മുമ്പും വർദ്ധിച്ചതിനുശേഷവുമുള്ള വില വിവരം ലഭ്യമാക്കാമോ ;

(സി) 01.12.2014 മുതൽ ചില സാധനങ്ങളുടെ വിലയിൽ കുറവ് വരുത്തിയിട്ടുണ്ട്. അനുബന്ധമായി ചേർക്കുന്നു.

(ഡി) സബ്സിഡി ഇല്ലാത്ത സാധനങ്ങൾ സപ്ലൈകോ വാങ്ങിയ വിലയേക്കാൾ വളരെ കൂടിയ നിരക്കിൽ വിറ്റഴിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് തടയുന്നതിന് നടപടി സ്വീകരിക്കുമോ ?

(ഡി) ഇല്ല.

Beena

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

| ക്രമ നം. | ഇനം | 01.12.2014 ന മുമ്പ് ഉണ്ടായിരുന്ന സബ്സിഡി വില Rs/Kg. | 01.12.2014 മുതൽ പുതുക്കിയ സബ്സിഡി വില Rs/Kg. | വർദ്ധനവ് (ശതമാനത്തിൽ) | നിലവിലെ പൊതു വിപണി വില |
|---|---|---|---|---|---|
| 1 | ചെറുപയർ | 77 | 74 | - 4 | 104.36 |
| 2 | ഉഴുന്ന് (ബോൾ) | 76 | 66 | - 13 | 88.93 |
| 3 | വൻകടല | 45 | 43 | - 4 | 59.56 |
| 4 | വൻപയർ | 49 | 45 | - 8 | 59.86 |
| 5 | തുവരപരിപ്പ് | 67 | 65 | - 2 | 84.93 |
| 6 | മുളക് | 75 | 75 | 0 | 115.29 |
| 7 | മല്ലി | 112 | 112 | 0 | 140.93 |
| 8 | പഞ്ചസാര | 27.50 | 25 | - 9 | 33.11 |
| 9 | പച്ചരി | 23 | 23 | 0 | 35.25 |
| 10 | കുറുവ അരി | 25 | 25 | 0 | 34.67 |
| 11 | മട്ട അരി | 25 | 25 | 0 | 34.79 |
| 12 | ജയ അരി | 25 | 25 | 0 | 29.40 |
| 13 | വെളിച്ചെണ്ണ (ഒരു ലിറ്റർ) | 151 | 139 | - 8 | 176.36 |

Beena

സെക്ഷൻ ഓഫീസർ